## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 16 04.02.2013 – ൽ മറുപടിക്ക്**

### സംസ്ഥാന മാരിടൈം ബോർഡ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. റ്റി.എൻ. പ്രതാപൻ :<br>ശ്രീ. പാലോട് രവി :<br>ശ്രീ. ലൂഡി ലൂയിസ് : | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മാരിടൈം ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ തുറമുഖ വകുപ്പ്, കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷൻ,കേരള സംസ്ഥാന മാരിടൈം സൊസൈറ്റി തുടങ്ങിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയാണ് മാരിടൈം ബോർഡ് രൂപീകരിക്കുന്നത്. |
| (ബി) | ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; | (ബി) | ചെറുകിട തുറമുഖങ്ങളുടെ നിർമ്മാണം, പ്രവർത്തനം, പരിപാലനം, പരിരക്ഷ തുടങ്ങിയ സംസ്ഥാന സർക്കാരിൽ ഇന്ത്യൻ തുറമുഖ ചട്ടങ്ങൾ മൂലം നിക്ഷിപ്തമായ കർത്തവ്യങ്ങൾ, കപ്പൽ മന്ത്രാലയത്തിന്റെയും കപ്പൽ ഗതാഗത വകുപ്പിന്റേയും മറ്റും നിയമങ്ങൾ നടപ്പിലാക്കൽ, വിവിധ തരത്തിലുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ യോഗ്യത നിർണ്ണയിച്ച് പരിശീലനവും സർട്ടിഫിക്കറ്റുകൾ നൽകൽ വാണിജ്യവും നിയമപരവുമായ ചുമതലകൾ നിർവഹിക്കൽ എന്നിവ വിവിധ |

----2

വകുപ്പുകളേയും സ്ഥാപനങ്ങളേയും ഏകോപിപ്പിച്ച് കാര്യക്ഷമമായി നടപ്പിലാക്കൽ എന്നിവയാണ് മാരിടൈം ബോർഡ് കൊണ്ട് ഉദ്ദേശിക്കുന്നത്. ബോർഡിന് സർക്കാർ വകുപ്പുകളേക്കാൾ കൂടുതൽ സാമ്പത്തിക സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതിനാൽ കൂടുതൽ വേഗതയിൽ തീരുമാനങ്ങൾ കൈക്കൊള്ളാൻ കഴിയുന്നതാണ്. കൂടാതെ കേന്ദ്ര ഫണ്ടുകളും ഗ്രാന്റുകളും സമയാസമയം ലഭ്യമാക്കി തുറമുഖ വികസനം ത്വരിതപ്പെടുത്തുന്നതിനും ഇത് സഹായകമാകും. ഈ മേഖലയിലെ എല്ലാ സ്ഥാപനങ്ങളേയും ഡിപ്പാർട്ടുമെന്റുകളേയും ഏകോപിപ്പിച്ച് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള അധികാരം ബോർഡിനുണ്ടായിരിക്കും.

(സി) ജലത്തിൽക്കൂടിയുള്ള ചരക്കു ഗതാഗതം പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ബോർഡ് രൂപീകരണം വഴി ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ജലത്തിൽ കൂടിയുള്ള ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുവാൻ തീരദേശ കപ്പൽ ഗതാഗതം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ ചെറുകിട തുറമുഖങ്ങളേയും ഉൾനാടൻ ജലഗതാഗതത്തേയും ബന്ധപ്പെടുത്തിക്കൊണ്ടാണ് ഈ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്.ഈ പദ്ധതിയുടെ ഭാഗമായി തീരദേശ കപ്പൽ ഗതാഗതം വഴി കൈകാര്യം ചെയ്യുന്ന ചരക്കുകൾക്കും യാത്രക്കാരനും യഥാക്രമം ഇൻസന്റീവ് ( @ Re 1per ton/km for cargoes and Re1 per passenger/km for a

period of one year) നൽകുന്ന പദ്ധതി സർക്കാർ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്. കയറ്റിറക്ക് ചുങ്കങ്ങൾക്ക് സബ്സിഡി നൽകുക, കപ്പൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉദാര വ്യവസ്ഥയിൽ വായ്പ നൽകുക തുടങ്ങിയവ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) പ്രസ്തുത മേഖലയിലുള്ള വിവിധ ഏജൻസികളെ ബോർഡ് രൂപീകരണത്തിൽ സംയോജിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) പ്രാരംഭ നടപടിയെന്ന നിലയിൽ തുറമുഖ വകുപ്പ്, കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷൻ, കേരള സംസ്ഥാന മാരിടൈം സൊസൈറ്റി എന്നിവ ഉൾക്കൊള്ളിച്ചായിരിക്കും മാരിടൈം ബോർഡ് രൂപീകരിക്കുന്നത്. നിലവിൽ ഈ സ്ഥാപനങ്ങളും വകുപ്പും നിർവഹിച്ചു പോരുന്ന എല്ലാ പ്രവൃത്തികളും സംസ്ഥാന മാരിടൈം ബോർഡിന് കീഴിൽ വരുന്നതായിരിക്കും.

(ഇ) ഇതിനുള്ള നിയമനിർമ്മാണനടപടി ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

(ഇ) കരട് രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ